## മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം :- നഗര-ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - പത്തനംതിട്ട ജില്ല - അയിരൂർ ഗ്രാമപഞ്ചായത്ത് - വട്ടപ്പാറ വില്ലേജ് - **ഫ്യുവൽ ഫില്ലിംഗ് സ്റ്റേഷൻ നിർമ്മാണം -** ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. അയിരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 19/09/2019 ലെ A5-2996/19 നമ്പർ കത്ത്.
2. പത്തനംതിട്ട ടൗൺ പ്ലാനറുടെ 10/10/2019 ലെ TCPPTA/531/2019-C നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. **TCPCTP/2384/19-C3** തീയതി: **28/10/2019**

---

പത്തനംതിട്ട ജില്ലയിലെ അയിരൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള അയിരൂർ വില്ലേജിൽ സർവ്വേ നമ്പർ 69/10, 69/10-1 ൽ ഉൾപ്പെട്ട 32 ആർ സ്ഥലത്ത് നിന്നും 525 ച.മീ സ്ഥലം വേർതിരിച്ച് സെയിൽസ് ബിൽഡിംഗ് 29 ച.മീ, കനോപ്പി 154 ച.മീ ഉൾപ്പടെ ആകെ 183 ച.മീ വരുന്ന **ഫ്യുവൽ ഫില്ലിംഗ് സ്റ്റേഷൻ** നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ **ശ്രീ. ബിജോ എബി ജോൺസ്,** തടിയിൽ ബി. വില്ല, തടിയൂർ പി.ഒ, പത്തനംതിട്ട എന്നയാളുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .പി.ബി.ആർ 2011 -നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ - ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

### നിബന്ധനകൾ

1. താഴെപറയുന്ന നിബന്ധനകൾ പൂർണ്ണമായും, പാലിച്ചിട്ടുണ്ടെന്നും, നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി /എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി/ഒക്കുപെൻസി നൽകുവാൻ പാടുള്ളൂ.
2. കെ.പി.ബി.ആർ.1999/2011 -ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത , സർവ്വെ നമ്പർ , വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.
3. കട്ടിംഗ്/ഫില്ലിംഗ് നടത്തുന്നതിന് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ.ഒ.സി വാങ്ങിയിരിക്കണം.

4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തുകയും പരിസര വാസികൾക്ക് ദോഷകരമല്ലാത്ത രീതിയിൽ മാലിന്യ നിർമാർജനം നടത്തുകയും വേണം. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണച്ചട്ടം 2011 (KPBR-2011) ചട്ടം 57 (12A) പ്രകാരമുള്ള in-situ liquid waste management treatment plant, ചട്ടം 57 (12B) പ്രകാരമുള്ള Special provision for recycling and reusing of waste water എന്നിവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുകയും വേണം.
5. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണച്ചട്ടം 2011 (KPBR-2011) ചട്ടം 57 (10) പ്രകാരമുള്ള അഗ്നി സുരക്ഷ സംവിധാനങ്ങൾ ഏർപ്പെടുത്തിയിരിക്കണം.
6. കെ.പി.ബി.ആർ.2011 61 (10) പ്രകാരം Petroleum Rules, 1976 ന് അനുസൃതമായിരിക്കണം നിർമ്മാണം.
7. നിർമ്മാണം കെ.പി.ബി.ആർ-2011 നും, അനുബന്ധ ഭേദഗതികൾക്കും , ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

**<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ :121/2019 ഇതോടൊപ്പം ചേർത്തുകൊള്ളുന്നു</u>**

ഉത്തരവിൻ പ്രകാരം

**ജയശ്രീ.പി.ആർ**
ടൗൺ പ്ലാനർ
(ചീഫ് ടൗൺപ്ലാനർക്കുവേണ്ടി)

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

**സെക്രട്ടറി,**
അയിരൂർ ഗ്രാമപഞ്ചായത്ത്

<u>പകർപ്പ്:-</u>

1. ശ്രീ. ബിജോ എബി ജോൺസ്, തടിയിൽ .ബി. വില്ല, തടിയൂർ പി.ഒ, റാന്നി, പത്തനംതിട്ട-689545
2. ടൗൺ പ്ലാനർ, പത്തനംതിട്ട
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം